ഉത്തരം

(എ) ഉണ്ട്.

(ബി) വിശദമായ എസ്റ്റിമേറ്റും ഡിസൈനും പി. ഡബ്ല്യു. ഡി. തയ്യാറാക്കി ടെണ്ടർ വിളിക്കാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്.

പെരുവണ്ണാമൂഴിയിൽ ഒരു ടൂറിസ്റ്റ് കേന്ദ്രം

78. [96] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലം ടൂറിസ്റ്റുകേന്ദ്രമാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏഴാം പദ്ധതിക്കാലത്ത് ടൂറിസം വികസന പ്രവർത്തനങ്ങൾ ട്രാവൽ സർക്യൂട്ട് അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ അംഗീകാരമുള്ള അത്തരം ട്രാവൽ സർക്യൂട്ടുകളിൽ പെരുവണ്ണാമൂഴി ഉൾപ്പെടുന്നില്ല. പരിമിതമായ വിഭവലഭ്യതയും ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ ബാഹുല്യവും നിമിത്തം പുതിയ സ്ഥലങ്ങളുടെ വികസനം ഏറ്റെടുത്ത് നടത്തുവാൻ തൽക്കാലം നിവർത്തിയില്ല.

സ്പെഷ്യൽ കംപോണന്റ് സ്കീം പ്രകാരം ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക

79. [97] ശ്രീമതി ഭാർഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
,, വി. കെ. രാജൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ കംപോണന്റ് സ്കീം പ്രകാരം ഓരോ വകുപ്പ് മുഖാന്തിരം 1986-87-ൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന സംഖ്യ എത്ര ;

(ബി) അതിൽ 1986 സെപ്റ്റംബർ 30 വരെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വിവരം ശേഖരിച്ചു വരുന്നു.

താൽക്കാലിക ജീവനക്കാരായ ഹരിജനങ്ങളെ സ്ഥിരപ്പെടുത്താൻ നടപടി

80. [98] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഹരിജന ക്ഷേമ വർഷത്തിൽ സർവ്വീസിലുള്ള താൽക്കാലിക ജീവനക്കാരായ ഹരിജനങ്ങളെ സ്ഥിരപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

† അനുബന്ധം VI.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 79 (97) കാണുക]

1986-87 വർഷത്തിൽ സ്പെഷ്യൽ കംപോണന്റ് പ്ലാൻ പ്രകാരം ഓരോ വകുപ്പു മുഖേന ചെലവഴിക്കാനുദ്ദേശിക്കുന്ന സംഖ്യയുടെ വിവരങ്ങൾ

(20-10-1986-ൽ മറുപടിക്കുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 97)

ക്രമ നമ്പർ	പദ്ധതി ഇനങ്ങൾ	വകുപ്പ്	(തുക ലക്ഷത്തിൽ) നീക്കിവച്ച തുക
1.	കൃഷി	കൃഷി വകുപ്പ്	239 00
2.	ഭൂപരിഷ്ക്കരണം	ലാന്റ് ബോർഡ്	10 00
3.	ജലസേചനം	ജലസേചന വകുപ്പ്	50 00
4.	കമാന്റ് ഏരിയ വികസന പദ്ധതി	കാടാ (ജലസേചനം)	50 00
5.	മണ്ണു-ജലസംരക്ഷണം	സോയിൽ കൺസർവേഷൻ യൂണിറ്റ്	30 00
6.	ഗ്രാമീണ വികസനം		
	(1) ഐ.ആർ.ഡി.പി.	ഗ്രാമീണ വികസന വകുപ്പ്	606 00
	(2) എൻ.ആർ.ഇ.പി.	,,	484 00
7.	പിന്നോക്ക പ്രദേശങ്ങളുടെ വികസനം	ആസൂത്രണ വകുപ്പ്	15 00
8.	മൃഗ സംരക്ഷണം	മൃഗ സംരക്ഷണ വകുപ്പ്	22 00
9.	ക്ഷീര വികസനം	ക്ഷീര വികസന വകുപ്പ്	13 00
10	മൽസ്യബന്ധനം	മൽസ്യബന്ധന വകുപ്പ്	32 00
11.	വനം	വനംവകുപ്പ്	96 00
12.	സാമൂഹ്യവികസനം	ഗ്രാമീണവികസന വകുപ്പ്	152 00
13.	പഞ്ചായത്തുകൾ	പഞ്ചായത്തു വകുപ്പ്	10 00
14.	സഹകരണം	സഹകരണ വകുപ്പ്	50 00
15.	വൈദ്യുതീകരണം	കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്	450 00
16.	ഗ്രാമീണ ചെറുകിടവ്യവസായങ്ങൾ		
	(1) വ്യവസായവും വാണിജ്യവും-വ്യവസായ-വാണിജ്യ	വകുപ്പ്	54 00
	(2) ഖാദി-ഗ്രാമവ്യവസായങ്ങൾ	സംസ്ഥാന ഖാദി-ഗ്രാമ വ്യവസായബോർഡ്	10 00
	(3) കൈത്തറി വ്യവസായം	കൈത്തറി വകുപ്പ്	34 00
17.	റോഡുകളും പാലങ്ങളും	പൊതുമരാമത്തു വകുപ്പ്	500 00
18.	സ്കൂൾ വിദ്യാഭ്യാസം	സ്കൂൾ വിദ്യാഭ്യാസ വകുപ്പ്	30 00
19.	കോളേജ് വിദ്യാഭ്യാസം	കോളേജ് ,, ,,	5 50
20.	സാങ്കേതിക വിദ്യാഭ്യാസം	സാങ്കേതിക ,, ,,	5 90
21.	ആരോഗ്യം		
	(1) അലോപ്പതി	ആരോഗ്യ വകുപ്പ്	59 00
	(2) ആയുർവ്വേദം	ആയുർവ്വേദ ,,	5 00
	(3) ഹോമിയോപ്പതി	ഹോമിയോ	3 00

LIBRARY ARCHIVES Kerala Legislative Assembly

22.	ശുദ്ധജല വിതരണവും മലിനനിവാരണവും			
	(1) ശുദ്ധജലവിതരണം	കേരളാ വാട്ടർ അതോറിട്ടി	203	00
	(2) കിണറുകൾ	ഗ്രാമീണ വികസന വകുപ്പ്	12	00
	(3) ഇ.എസ്.പി. സ്ലാബ് കളുടെ വിതരണം	,, ,,	8	00
23.	ഭവന നിർമ്മാണം			
	(1)	റവന്യൂ ബോർഡ്	74	95
	(2)	ധനകാര്യ വകുപ്പ്	12	50
	(3)	പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ	35	00
	(4)	കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്	44	00
	(5)	ഹൗസിംഗ് ഡിപ്പാർട്ടുമെൻറ്	3	50
24.	നഗര വികസനം	മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ	20	00
25.	വാർത്താവിതരണവും പ്രചാരണവും	പബ്ലിക് റിലേഷൻസ് വകുപ്പ്	1	00
26.	തൊഴിലും തൊഴിലാളി ക്ഷേമവും	(1) എംപ്ലോയ്മെൻറ് വകുപ്പ്	4	00
		(2) പരിശീലന ,,	2	00
27.	സാമൂഹ്യക്ഷേമം	സാമൂഹ്യക്ഷേമ വകുപ്പ്	4	00
28.	പോഷകാഹാര പരിപാടി			
	(1)	ആരോഗ്യ വകുപ്പ്	1	00
	(2)	ഗ്രാമീണ വികസന വകുപ്പ്	4	00
	(3)	സാമൂഹ്യക്ഷേമ വകുപ്പ്	35	00
	(4)	സ്കൂൾ വിദ്യാഭ്യാസ വകുപ്പ്	400	00
29.	പട്ടികജാതിക്കാരുടെ ക്ഷേമം			
	(1)	പട്ടികജാതി വികസന വകുപ്പ്	243	50
	(2)	പട്ടികജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ	167	00
	(3)	കിർത്താസ്	20	00
		ആകെ	4309	85

LIBRARY ARCHIVES Kerala Legislative Assembly